(സി) നിലവിലുള്ള സഹകരണ ബാങ്കുകളിൽനിന്നും നൽകുന്ന വായ്പാ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) 1997-98 മുതൽ 2002-03 വരെയുള്ള സാമ്പത്തിക വർഷത്തിൽ ഓരോ വായ്പാ പദ്ധതികളിലൂടെയും എന്തു തുക വീതം സഹകരണ ബാങ്കുകളിലൂടെ നൽകിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ച് വരുന്നു.

ജില്ലാ സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് സൗകര്യം

134 [1273] ശ്രീ. എം. പി. ഗംഗാധരൻ:
,, അടൂർ പ്രകാശ്:
,, ലൂഡി ലൂയിസ്:
,, ഡി. സുഗതൻ:
ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) ഏതെല്ലാം ജില്ലാ ബാങ്കുകൾക്ക് ഈ സൗകര്യം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു; ഒരു ജില്ലാ ബാങ്കിന് അതിന്റെ ബ്രാഞ്ചുകളുമായി കമ്പ്യൂട്ടർ ബന്ധം സ്ഥാപിക്കുന്നതിനും എ.ടി.എം. സൗകര്യം ഉണ്ടാക്കുന്നതിനും എന്ത് ചെലവുണ്ടാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഒരു ജില്ലാ സഹകരണ ബാങ്കിലും കോർ ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.

(ബി) ആലപ്പുഴ, എറണാകുളം, കണ്ണൂർ എന്നീ ജില്ലാ സഹകരണ ബാങ്കുകൾ ഭാവിയിൽ കോർ ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതായി അറിയിച്ചിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കുകൾ ബ്രാഞ്ചുകളുമായി കമ്പ്യൂട്ടർ ബന്ധം സ്ഥാപിക്കുന്നതിനും എ.ടി.എം. സൗകര്യം ഏർപ്പെടുത്തുന്നതിനും നടപടികൾ ഒന്നും ആരംഭിച്ചിട്ടില്ലാത്തതിനാൽ എന്തു ചെലവുണ്ടാകുമെന്ന് കണക്കാക്കിയിട്ടില്ല.

തിരുവനന്തപുരം, നെടുമങ്ങാട് താലൂക്കുകളിൽ രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങൾ

135 [1274] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം, നെടുമങ്ങാട് എന്നീ താലൂക്കുകളിൽ എത്ര സർവ്വീസ് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അവയുടെ പേരുവിവരവും പ്രവർത്തന മേഖലയും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly